LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 മഹാമാരിയുടെ ഭീഷണി ആരംഭിച്ച നാൾ മുതൽ ആരാധനാലയങ്ങളിൽ പരിമിതമായ തോതിൽ കർശന നിയന്ത്രണങ്ങളോടെയാണ് ഭക്തജന പ്രവേശനം നടന്നുവരുന്നത്. ഭക്തജനങ്ങളുടെ വരവ് നിലച്ചതോടെ ക്ഷേത്രങ്ങളുടെ വരുമാനത്തിൽ ഗണ്യമായ തോതിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്. ദൈനംദിന ചെലവുകൾക്കും ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനും സാധിക്കാതെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് ഭൂരിഭാഗം ക്ഷേത്രങ്ങളും. സ്ഥിരനിക്ഷേപങ്ങൾ പിൻവലിച്ചാണ് മിക്ക ദേവസ്വങ്ങളും നിത്യചെലവുകൾ നടത്തിക്കൊണ്ടുപോകുന്നത്. വഴിപാടുകളും നടവരവും തീരെ കുറഞ്ഞ ഈ സാഹചര്യത്തിൽ, ഓൺലൈൻ അഡ്വാൻസ് ബുക്കിംഗ് പ്രകാരം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ദർശനത്തിനും വഴിപാടിനും ക്ഷേത്രങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലം ഒരുപരിധിവരെ വിശ്വാസികളെ ക്ഷേത്രാരാധനകളിൽ പങ്കെടുപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷേത്രവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് മിക്ക ക്ഷേത്ര ജീവനക്കാർക്കും അതത് ദേവസ്വങ്ങൾ നിർദ്ദേശം നൽകിയിട്ടുണ്ട്.

വരുമാനമില്ലാതായ ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ നടപടി

98 (3804) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം വരുമാനമില്ലാതായ ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പശ്ചാത്തലത്തിൽ വരുമാനമില്ലാതായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സഹായം നൽകാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡുമൂലമുണ്ടായ സാമ്പത്തികപ്രതിസന്ധി മറികടക്കാൻ 2020-2021 സാമ്പത്തികവർഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. അപ്രകാരം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ്	90 കോടി രൂപ
കൊച്ചിൻ ദേവസ്വം ബോർഡ്	25 കോടി രൂപ
മലബാർ ദേവസ്വം ബോർഡ്	20 കോടി രൂപ
കൂടൽമാണിക്യം ദേവസ്വം	15 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഈ സാമ്പത്തികവർഷം 10 കോടി രൂപകൂടി അനുവദിച്ച് നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യസുരക്ഷ പെൻഷനോ വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ബി.പി.എൽ., അന്ത്യോദയ അന്നയോജന കുടുംബത്തിന് 1000 രൂപ സാമ്പത്തികസഹായം നൽകാൻ സർക്കാർ പൊതുതീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ സ്വകാര്യക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കുംവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ

99 (3805) ശ്രീ. കെ. യു. ജനീഷ് കുമാർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അഴിമതി മുക്തമാക്കുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ അഴിമതി മുക്തമാക്കുന്നതിന്റെ ഭാഗമായി പാരമ്പര്യ തസ്തികകൾ ഒഴികെയുള്ള എല്ലാ തസ്തികകളിലും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നിയമനങ്ങൾ നടത്താനാരംഭിച്ചു. കൂടാതെ ശാന്തി നിയമനങ്ങളിൽ തുല്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിൽ അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള മലബാർ ദേവസ്വം ബോർഡ് നിയമത്തിൽ സമഗ്രമായ പരിഷ്കരണം നടത്തുന്നതിനുതകുന്ന റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്നംഗ കമ്മിറ്റിയെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാർ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ